**പതിന്നാലാം കേരള നിയമസഭ**
**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട**
**നിയമസഭാ ചോദ്യം നമ്പർ : *75** **30/06/2016-ൽ മറുപടിക്ക്**

## ക്ഷീരകർഷകർ നേരിടുന്ന പ്രശ്നങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ജെയിംസ് മാത്യു<br>ശ്രീ.പി.ടി.എ. റഹിം<br>ശ്രീ.ഐ. ബി. സതീഷ്<br>ശ്രീ .കെ.കെ.രാമചന്ദ്രൻ നായർ | ശ്രീ.കെ രാജു<br>(ബഹു. വനവും മൃഗസംരക്ഷണവും, ക്ഷീരവികസനവും മൃഗശാലകളും വകുപ്പ് മന്ത്രി) |
| എ) ക്ഷീര കർഷകർ നേരിടുന്ന പ്രശ്നങ്ങൾ പരിശോധിച്ചിട്ടുണ്ടോ ; വിശദാംശം ലഭ്യമാക്കാമോ ; | എ) ക്ഷീര കർഷകർ നേരിടുന്ന പ്രശ്നങ്ങൾ പരിശോധിച്ചിട്ടുണ്ട്. പ്രധാനമായും ചുവടെ കൊടുത്തിരിക്കുന്ന പ്രശ്നങ്ങളാണ് ക്ഷീര കർഷകർ നേരിടുന്നത്.<br>1) തീറ്റപ്പുല്ലിന്റെ ലഭ്യത കുറവ്<br>2) കാലിത്തീറ്റയുടെ വില വർദ്ധനവ്<br>3) സങ്കരയിനം പശുക്കളുടെ രോഗപ്രതിരോധ ശേഷിയില്ലുള്ള കുറവ്<br>4) ചികിത്സാ ചെലവ്<br>5) കൃത്രിമ ബീജധാനത്തിന്റെ ലഭ്യതക്കുറവ്<br>6) കന്നുകാലി വായ്പകൾക്ക് ബാങ്കുകൾ ഈടാക്കുന്ന ഉയർന്ന പലിശ നിരക്ക്<br>7) നല്ല ഇനം പശുക്കളുടെ ലഭ്യതക്കുറവ് |
| ബി) ക്ഷീരോല്പാദനം പ്രോത്സാഹിപ്പിക്കുന്നതിനായി ചെയ്യാനുദ്ദേശിക്കുന്ന കാര്യങ്ങൾ വിശദമാക്കാമോ ; | ബി) ക്ഷീരോല്പാദനം വർദ്ധിപ്പിക്കുവാൻ ക്ഷീര വികസന വകുപ്പ് വിവിധ പദ്ധതികൾ നടപ്പിലാക്കി വരുന്നു. തീറ്റപ്പുൽ വികസന പദ്ധതി, മിൽക്ക് ഷെഡ് വികസന പദ്ധതി, കാലിത്തീറ്റ സബ്സിഡി, ക്ഷീര സംഘങ്ങളെ സഹായിക്കുന്നതിനുള്ള പദ്ധതി മുതലായവ നടപ്പിലാക്കി വരുന്നു.<br>ഉയർന്ന ജനിതക ഗുണനിലവാരമുള്ള ബീജം കർഷകർക്ക് ലഭ്യമാക്കുക, ബാങ്കുകളുമായി സഹകരിച്ച് കുറഞ്ഞ പലിശ നിരക്കിൽ പശു വായ്പ ലഭ്യമാക്കുക/പലിശ സബ്സിഡി നൽകുക, ക്ഷീരകർഷകർക്കും കന്നുകാലികൾക്കും കുറഞ്ഞ |

നിരക്കിൽ ഇൻഷ്വറൻസ് പരിരക്ഷ നൽകുക, ഫാം യന്ത്രവൽക്കരണം പ്രോത്സാഹിപ്പിക്കുക, പച്ചപ്പുല്ല്, വൈക്കോൽ, കാലിത്തീറ്റയായി ഉപയോഗിക്കുന്ന അസംസ്കൃതവസ്തുക്കൾ എന്നിവയുടെ വിതരണ-ശൃംഖല ശക്തിപ്പെടുത്തുക, ബയോഗ്യാസ് പ്ലാന്റുകൾക്കുള്ള ധനസഹായം വർദ്ധിപ്പിക്കുക എന്നിവ ക്ഷീരോല്പാദനം പ്രോത്സാഹിപ്പിക്കുന്നതിനു വേണ്ടി ചെയ്യാനുദ്ദേശിക്കുന്ന കാര്യങ്ങളാണ്.

| | | |
|---|---|---|
| സി) | ക്ഷീര കർഷകർക്ക് ന്യായമായ വിലയ്ക്ക് കാലിത്തീറ്റ ലഭ്യത ഉറപ്പാക്കാനായി എന്തു സംവിധാനം ഏർപ്പെടുത്തുമെന്ന് അറിയിക്കാമോ; | സി) ക്ഷീരകർഷകർക്ക് ന്യായമായ വിലയ്ക്ക് കാലിത്തീറ്റ ലഭ്യത ഉറപ്പാക്കാനായി സംസ്ഥാന സർക്കാർ ക്ഷീര സംഘങ്ങളിൽ പാലളക്കുന്ന കർഷകർക്ക് ഒരോ ലിറ്റർ പാലിനും ഒരു രൂപ നിരക്കിൽ കർഷകർക്ക് കാലിത്തീറ്റ സബ്സിഡി നൽകി വരുന്നു. കൂടാതെ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ പദ്ധതിയുടെ ഭാഗമായി പരാവധി മൊത്തം മൂന്ന് രൂപ വരെ കാലിത്തീറ്റ സബ്സിഡി നൽകി വരുന്നു. കൂടാതെ മിൽമയുടെ മേഖല യൂണിയനുകൾ അവരുടെ ലാഭ വിഹിതത്തിൽ നിന്നും കർഷകർക്ക് കാലിത്തീറ്റ സബ്സിഡി നൽകി വരുന്നുണ്ട്. കേരള കോ-ഓപ്പറേറ്റീവ് മിൽക്ക് മാർക്കറ്റിംഗ് ഫെഡറേഷനും ക്ഷീര കർഷകർക്ക് കാലിത്തീറ്റയ്ക്ക് സബ്സിഡി നൽകുന്നുണ്ട്. |

സെക്ഷൻ ഓഫീസർ.